MB dt. 26/1/22

IMPACT

മൊഗ്രാൽ മാവിന്റെ ഗ്രാഫ്റ്റിങ് ജോലികൾ ആരംഭിച്ചു

കൃഷിവിജ്ഞാനകേന്ദ്രം ഒരുക്കുന്നത് 500 തൈകൾ

കാസർകോട് ▸ മൊഗ്രാൽപുത്തൂരിലെ 'മൊഗ്രാൽ നാട്ടുമാവി'ന്റെ തൈകളൊരുങ്ങുന്നു. കേന്ദ്ര തോട്ടവിളഗവേഷണകേന്ദ്രത്തിലെ കൃഷിവിജ്ഞാനകേന്ദ്രത്തിൽ 500 മൊഗ്രാൽ മാവിൻതൈകളാണ് ഗ്രാഫ്റ്റിങ്ങിലൂടെ ഒരുക്കുന്നത്. ആവശ്യക്കാരുള്ളപക്ഷം കൂടുതൽ തൈകളൊരുക്കാനാണ് കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ തീരുമാനം.

മഴക്കാലമാണ് ഗ്രാഫ്റ്റിങ്ങിന് പറ്റിയ സമയമെങ്കിലും ദേശീയപാതാജോലികൾ നടക്കുന്നതിനാൽ മാവ് മുറിക്കാനുള്ള സാധ്യത കണ്ട് നേരത്തെ ഗ്രാഫ്റ്റിങ് തുടങ്ങുകയായിരുന്നു. ഇതിനായി നേരത്തെ നാട്ടുമാവിന്റെ തൈ മുളപ്പിച്ച് ഇതിന്റെ തായ്ച്ചെടി തയ്യാറാക്കിയിരുന്നു. ഇതിലേക്ക് മൊഗ്രാൽമാവിന്റെ തണ്ട് ചെത്തിയെടുത്ത് ശാസ്ത്രീയമായി കെട്ടിവെച്ചാണ് ഗ്രാഫ്റ്റിങ് നടത്തുന്നത്. ഈർപ്പം ലഭിക്കുന്നതിന് തൈകൾ പ്ലാസ്റ്റിക് കൂടിനുള്ളിലാക്കി സൂക്ഷിക്കും. നിലവിലെ കാലാവസ്ഥയിൽ മുളവരാൻ 15 ദിവസമെടുക്കുമെന്നാണ് കരുതുന്നത്. നല്ലരീതിയിൽ ഇലവന്നാൽ തൈ വിതരണം ചെയ്യും.

ദേശീയപാതാ വികസനത്തിന് മുറിച്ചുമാറ്റപ്പെടുന്ന മൊഗ്രാലിലെ ഗുണമേന്മയുള്ള നാട്ടുമാവിനത്തെപ്പറ്റി മാതൃഭൂമി വാർത്ത നൽകിയിരുന്നു. ദേശീയപാതയിൽ മൊഗ്രാൽപുത്തൂർ പഞ്ചായത്ത് ഓഫീസിന് മുൻവശത്താണ് മാവ് വളരുന്നത്. ഏകഭ്രൂണവിത്തിനത്തിൽപ്പെട്ട മാവായതിനാൽ മാങ്ങായണ്ടി മുളപ്പിച്ചാൽ വകഭേദങ്ങളാണ് ലഭിക്കുക. കായ്ഫലത്തിന് തനത് ഗുണം ലഭിക്കില്ല. ഇതിനാലാണ് ഗ്രാഫ്റ്റിങ് ചെയ്യാൻ കൃഷിവിജ്ഞാനകേന്ദ്രം തീരുമാനിച്ചത്. കാർഷികവിജ്ഞാനകേന്ദ്രം മേധാവി ഡോ. ടി.എസ്. മനോജ് കുമാർ, സീനിയർ ടെക്നിക്കൽ ഓഫീസർ കെ. മണികണ്ഠൻ എന്നിവരുടെ നിർദേശത്തിലാണ് ഗ്രാഫ്റ്റിങ് നടക്കുന്നത്.

പോർച്ചുഗീസ് ഇനമായ ഫ്രിംഗിൽ, ബംഗനപ്പള്ളി, കാലപ്പാടി ഇനങ്ങളിലും ഇതോടൊപ്പം ഗ്രാഫ്റ്റിങ് നടത്തുന്നുണ്ട്. കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ പറമ്പിലുള്ള ഫ്രിംഗിലും കാലപ്പാടിയും ദേശീയപാതാ വികസനത്തിനായി മുറിച്ചുമാറ്റപ്പെടുന്നതിനാലാണ് ഗ്രാഫ്റ്റിങ്ങിലൂടെ തൈ ഒരുക്കുന്നത്. തൈകൾ ആവശ്യമുള്ളവർക്ക് കൃഷിവിജ്ഞാനകേന്ദ്രവുമായി ബന്ധപ്പെടാം. ഫോൺ: 9496296986.

കേന്ദ്ര തോട്ടവിളഗവേഷണകേന്ദ്രം കൃഷിവിജ്ഞാനകേന്ദ്രത്തിൽ മൊഗ്രാൽ നാട്ടുമാവിന്റെ ഗ്രാഫ്റ്റിങ് ജോലികൾ ആരംഭിച്ചപ്പോൾ